**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 933** **26-07-2021 - ൽ മറുപടിയ്ക്ക്**

**റവന്യൂ ഓഫീസുകളുടെ നിർമ്മാണ പ്രവർത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മങ്കട നിയോജക മണ്ഡലത്തിലെ ഏതെല്ലാം റവന്യൂ ഓഫീസുകളുടെ നിർമ്മാണ പ്രവൃത്തികൾക്കാണ് തുക അനുവദിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | മങ്കട നിയോജകമണ്ഡലത്തിലെ കറുവ, അങ്ങാടിപ്പുറം എന്നീ വില്ലേജ് ഓഫീസുകളുടെ അറ്റകുറ്റപ്പണികൾക്കായി 5 ലക്ഷം രൂപ വീതവും, വടക്കാങ്ങര വില്ലേജ് ഓഫീസിന്റെ അറ്റകുറ്റപ്പണികൾക്കായി 2,80,000/- രൂപയും ചുറ്റമതിലിനായി 2,75,000/- രൂപയും മങ്കട വില്ലേജ് ഓഫീസിൽ അഡീഷണൽ റൂം നിർമ്മാണത്തിനായി 10 ലക്ഷം രൂപയും പ്ലാൻ സ്കീം പ്രകാരം അനുവദിക്കുകയും ടി പ്രവൃത്തികൾ എല്ലാം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത നിയോജക മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകൾക്കാണ് സ്വന്തമായി കെട്ടിടമോ ചുറ്റമതിലോ മറ്റ് അടിസ്ഥാന സൗകര്യമോ ഇല്ലാത്തത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | വടക്കാങ്ങര, വലമ്പൂർ, അങ്ങാടിപ്പുറം, കുട്ടിലങ്ങാടി, മങ്കട, മൂർക്കനാടി, പുഴക്കാട്ടിരി, കുറുവ എന്നീ വില്ലേജുകളാണ് മങ്കട നിയോജകമണ്ഡലത്തിൽ ഉള്ളത്. ടി എല്ലാ വില്ലേജുകളിലും സ്വന്തമായി വില്ലേജ് ഓഫീസ് കെട്ടിടം ഉണ്ട്. വലമ്പൂർ, അങ്ങാടിപ്പുറം, കുട്ടിലങ്ങാടി, മൂർക്കനാട്, പുഴക്കാട്ടിരി എന്നീ വില്ലേജ് ഓഫീസ് കെട്ടിടങ്ങൾക്ക് ചെറിയ രീതിയിലുള്ള അറ്റകുറ്റപ്പണികൾ ആവശ്യമാണ്. മങ്കട വില്ലേജ് ഓഫീസിന് ചുറ്റമതിൽ ഇല്ല. |
| (സി) | പ്രസ്തുത നിയോജക മണ്ഡലത്തിലെ എല്ലാ വില്ലേജ് ഓഫീസുകളുടേയും അടിസ്ഥാന വികസനത്തിനും മെച്ചപ്പെട്ട സേവനം ഉറപ്പ് വരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | ഓരോ സാമ്പത്തിക വർഷവും വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയ്ക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാ ക്രമത്തിലാണ് കെട്ടിട നിർമ്മാണത്തിനു/ അറ്റകുറ്റപ്പണിക്ക് ഫണ്ട് അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ